ഭരണഭാഷ-മാതൃഭാഷ

നമ്പർ.400248/GGGR09/GPO/2024/7339/(1)

മലയിൻകീഴ് ഗ്രാമ പഞ്ചായത്ത് ആഫീസ്
മലയിൻകീഴ്
മലയിൻകീഴ്.പി.ഓ
തിരുവനന്തപുരം

തീയതി : 25/09/2024

# നോട്ടീസ്

വിഷയം:- മലയിൻകീഴ് ഗ്രാമപഞ്ചായത്ത് - അദാലത്തുകൾ സംഘടിപ്പിക്കൽ - അദാലത്തിലെ ഹരജികളിൻമേലുള്ള നടപടികൾ - മലിനജലം ഒഴുക്കി വിടുന്നത് സംബന്ധിച്ച പരാതി - നോട്ടീസ് നൽകുന്നത് സംബന്ധിച്ച്

മലയിൻകീഴ് ഗ്രാമ പഞ്ചായത്തിൽ വലിയറത്തല വാർഡിൽ നിന്നും ശ്രീ സന്തോഷ് കുമാർ കെ, അനിൽ ഭവൻ, വലിയറത്തല, ഊരൂട്ടമ്പലം പി ഒ എന്നയാളെ തെര്യപ്പെടുത്തുന്ന നോട്ടീസ്

മലയിൻകീഴ് ഗ്രാമ പഞ്ചായത്തിൽ വലിയറത്തല വാർഡിൽ താങ്കളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ നിന്നുള്ള മലിനജലം സമീപത്തെ പുരയിടത്തിലേക്ക് ഒഴുക്കി വിടുന്നത് സംബന്ധിച്ച് ഈ കാര്യാലയത്തിൽ പരാതി ലഭിക്കുകയും ഇതിന്മേൽ നടത്തിയ അന്വേഷണത്തിൽ ആയത് വാസ്തവമാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. താങ്കളുടെ ഈ പ്രവർത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 കെ, 219 എസ്, 219 എൻ എന്നിവ പ്രകാരം കുറ്റകരമാണ്. ആയതിനാൽ ടി പ്രവർത്തി അടിയന്തിരമായി നിർത്തിവച്ച് താങ്കളുടെ പുരയിടത്തിലെ മലിന ജലം താങ്കളുടെ പുരയിടത്തിൽ തന്നെ ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും ടി വിവരം 14 ദിവസങ്ങൾക്കകം രേഖാമൂലം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം താങ്കൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടങ്ങൾ നിഷ്കർഷിക്കുന്നത് പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

Document certified by GOPAKUMAR A
<GKKURIYATHY@GMAIL.COM>.
Digitally signed by GOPAKUMAR A
Date: 2024.09.25 15:11:30 IST
Reason: ILGMS Govt. of Kerala

എ ഗോപകുമാർ
സെക്രട്ടറി

സ്വീകർത്താവ്

ശ്രീ സന്തോഷ് കുമാർ കെ
അനിൽ ഭവൻ, വലിയറത്തല, ഊരൂട്ടമ്പലം പി ഒ, 9846331631

ഭരണഭാഷ-മാതൃഭാഷ

ഭരണഭാഷ-മാതൃഭാഷ

നമ്പർ.400248/GGGR09/GPO/2024/7339/(3)

മലയിൻകീഴ് ഗ്രാമ പഞ്ചായത്ത് ആഫീസ്

മലയിൻകീഴ്
മലയിൻകീഴ്.പി.ഓ
തിരുവനന്തപുരം

തീയതി : 25/09/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ബഹുമാനപ്പെട്ട ജോയിൻറ് ഡയറക്ടർ
തദ്ദേശസ്വയം ഭരണവകുപ്പ് ജില്ലാ ജോയിൻറ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം

സർ,

വിഷയം:- മലയിൻകീഴ് ഗ്രാമപഞ്ചായത്ത്- തദ്ദേശ അദാലത്ത്- പരാതിയിൻമേൽ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:- തദ്ദേശ അദാലത്ത് പോർട്ടലിലെ WMTVPM40279000015 ഡോക്കറ്റ് നമ്പർ പരാതി.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സ്ഥല പരിശോധന നടത്തിയതിൻറെ അടിസ്ഥാനത്തിൽ, പരാതിയിൽ പരാമർശിച്ചിട്ടുള്ള എതിർകക്ഷിയുടെ പുരയിടത്തിലെ മലിന ജലം ടിയാൻറെ പുരയിടത്തിൽ തന്നെ ശാസ്ത്രീമായി സംസ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് 14 ദിവസത്തിനകം ഈ ഓഫീസിൽ രേഖാമൂലം അറിയിക്കുന്നതിന് നിർദ്ദേശം നൽകി കൊണ്ട് 25/09/2024 തീയതിയിൽ നോട്ടീസ് നൽകുകയും, പരാതിക്കാരന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. കത്ത് പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു സൂചന പ്രകാരമുള്ള പരാതിയിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ട്,

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by GOPAKUMAR A
Date: 2024.09.25 16:29:28 IST
Reason: ILGMS Govt. of Kerala

എ ഗോപകുമാർ

സെക്രട്ടറി